# 3

# ന്യായപ്രമാണത്തിൻ കീഴിലുള്ള നമസ്ക്കാരം, 1

## (മോശെ മുതൽ ശലോമോൻ വരെ)

ദൈവം യിസ്രായേൽമക്കളെ മിസ്രയിം അടിമത്വത്തിൽനിന്നു വിടുവിച്ചു കൊണ്ടുവന്നപ്പോൾ, അവൻ അവരുടെ ദൈവമായിരിക്കുമെന്നും അവർ തന്റെ സ്വന്തജനമായിരിക്കുമെന്നും വാഗ്ദാനം ചെയ്തിരുന്നു (പുറപ്പാട് 6:7). സിനായ് പർവ്വതത്തിൽ വെച്ച് അവൻ അവരോട് ഒരു ഉടമ്പടിചെയ്യുകയും തന്റെ ന്യായപ്രമാണം അവർക്ക് കൊടുക്കുകയും ചെയ്തു.

### ആരാധനക്കുള്ള നിയമങ്ങൾ

ന്യായപ്രമാണത്തിനു-മുൻപ് മൃഗയാഗം പരിശീലിച്ചിരുന്നുവെങ്കിലും, അത് ന്യായപ്രമാണത്തിൽ ഉൾപ്പെടുത്തി ആരാധന കൂടുതൽ കർശനമായി നിയന്ത്രിച്ചിരുന്നു. നടപടികൾ വിശദമാക്കി കൊടുത്തിരുന്നു. യിസ്രായേൽ സഭയായി കൂടിവരുമ്പോൾ പാട്ടുപാടുന്നതിനെ കുറിച്ചോ പ്രാർത്ഥിക്കുന്നതിനെ കുറിച്ചോ ഒന്നും പറയുന്നില്ല, എന്നാൽ ഓരോ ഏഴുവർഷം കൂടുമ്പോഴും കൂടാരപ്പെരുന്നാളിൽ ന്യായപ്രമാണം വായിച്ചു കേൾപ്പിക്കുമായിരുന്നു (ആവർത്തനപുസ്തകം 31:10–13). മക്കളെ വീട്ടിൽ വെച്ചും വഴി നടക്കുമ്പോഴും ദൈവത്തിന്റെ വചനങ്ങൾ അമ്മയപ്പന്മാരായിരുന്നു പഠിപ്പിക്കേണ്ടിയിരുന്നത് (ആവർത്തനപുസ്തകം 6:6, 7).

ദൈവം മോശെ മുഖാന്തരം വെളിപ്പെടുത്തിയ ആരാധനയുടെ ഒരു നല്ല സംക്ഷിപ്തം താഴെ കൊടുക്കുന്നു:

> (1) പ്രാർത്ഥനകൾ, വഴിപാടുകൾ, ആഘോഷങ്ങൾ എന്നിവയെല്ലാം എഴുതി കൊടുത്തിരുന്നു. (2) ആളുകളുടെ ജീവൻ പ്രതിനിധീകരിക്കുന്ന രക്തം അടയാളമായ യാഗവ്യവസ്ഥക്കു ചുറ്റുമായിരുന്നു ആരാധന നടത്തേണ്ടിയിരുന്നത്. (3) എബ്രായ വർഷത്തിന് അധികം പ്രാധാന്യം കൊടുത്തിരുന്നു. (4) ആ വ്യവസ്ഥയിൽ പുരോഹിതന് വലിയ പങ്കാണുണ്ടായിരുന്നത്, കാരണം അവനായിരുന്നു യാഗങ്ങൾ അനുഷ്ഠിച്ചിരുന്നത്. (5) അതിൽ ആരാധനാ സ്ഥലത്തിന് പ്രാധാന്യമുണ്ടായിരുന്നു, കാരണം ദൈവം സന്നിഹിതനായിരുന്നു. (6) പെരുന്നാളുകൾക്ക് വലിയ ഊന്നൽ കൊടുത്തിരുന്നു, പ്രത്യേകമായി, പെസഹ, പെന്തെകൊസ്ത്, കാഹളങ്ങൾ, പ്രതിഷ്ഠാദിനം, കൂടാരപ്പെരുന്നാൾ തുടങ്ങിയവ.[1]

ശബ്ബത്തു നാൾ പ്രത്യേക ആരാധനാ ദിവസമായിരുന്നില്ല, പക്ഷെ അത് ഒരു വിശ്രമദിനമായിരുന്നു. ആഴ്ച്ചയിലെ ഓരോ ഏഴാം ദിവസവും യിസ്രായേൽ, തങ്ങളുടെ ജോലിയെല്ലാം നിർത്തി തങ്ങളെ ദൈവം മിസ്രയിമിൽനിന്നു വിടുവിച്ചുകൊണ്ടുവന്നത് ഓർമ്മിക്കണമായിരുന്നു (ആവർത്തനപുസ്തകം 5:12–15).

## ആരാധനാ വസ്തു

യിസ്രായേൽമക്കളെ നയിച്ചുകൊണ്ടുവരുവാനുള്ള ഒരുക്കമായി ദൈവം തന്റെ വീര്യവും സ്വഭാവ വൈശിഷ്ട്യവും മോശെക്ക് കാണിച്ചുകൊടുത്തു. യിസ്രായേലിനെ മിസ്രയിം അടിമത്വത്തിൽനിന്നു വിടുവിക്കുവാൻ അവനെ മിസ്രയിമിലേക്ക് അയക്കുന്നതിനു മുൻപ് ദൈവം മോശെക്ക് മുൾപ്പടർപ്പിൽ പ്രത്യക്ഷനായി. ദൈവം തന്നെത്തന്നെ യാഹ്വേ, "ഞാൻ ആകുന്നവൻ" എന്നു വെളിപ്പെടുത്തി കൊടുത്തു (പുറപ്പാട് 3:14), അതിൽനിന്നാണ് ദൈവത്തിന്റെ പേരായ യാഹ്വേ വരുന്നത്-നിത്യനായവൻ, സ്വയം-നിലനിൽക്കുന്നവൻ, സർവ്വപര്യാപ്തൻ, ആരിലും ആശ്രയിക്കാത്തവൻ. അവൻ എല്ലാം നൽകുന്നവനാണ്, ആരും അവന് നൽകേണ്ട ആവശ്യമില്ല. അവൻ സഹായിക്കുന്നവനാണ്, ആരും അവനെ സഹായിക്കേണ്ട ആവശ്യമില്ല, അവൻ വിടുവിക്കുന്നവനാണ്, ആരും അവനെ വിടുവിക്കേണ്ടവനല്ല, അവൻ എല്ലാം-അറിയുന്നവനാണ്. അവനെ ആരും ഉപദേശിക്കേണ്ട ആവശ്യമില്ല, അവൻ സർവ്വ-ശക്തനാണ്, അവനെ ആരും ശക്തീകരിക്കുകയോ, ഉൽസാഹപ്പെടുത്തുകയോ ചെയ്യേണ്ടതില്ല. അവന്റെ വിശുദ്ധനാമത്തെ യിസ്രായേൽ ബഹുമാനിക്കയും ആദരിക്കുകയും ചെയ്യണമായിരുന്നു.

ദൈവം തന്റെ സൃഷ്ടിയെ അതിശയമാക്കുകയും, അവൻ ഭൗതികനല്ലാത്തതിനാൽ, ആളുകൾ ദൈവത്തെ പ്രതിനിധീകരിക്കുന്നതിന് വിഗ്രഹങ്ങൾ ഉണ്ടാക്കുകയോ അവയെ നമസ്ക്കരിക്കുകയോ ചെയ്യരുതായിരുന്നു (പുറപ്പാട് 20:3-5; ആവർത്തനപുസ്തകം 5:7-9). മോശെ പറഞ്ഞു,

> നിങ്ങൾ നന്നായി സൂക്ഷിച്ചുകൊൾവിൻ, യഹോവ ഹോരേബിൽ തീയുടെ നടുവിൽ നിന്നു നിങ്ങളോട് അരുളിച്ചെയ്ത നാളിൽ നിങ്ങൾ രൂപം ഒന്നും കണ്ടില്ലല്ലൊ. അതുകൊണ്ട് നിങ്ങൾ ആണിന്റെയെങ്കിലും പെണ്ണിന്റെയെങ്കിലും സാദൃശ്യമോ ഭൂമിയിലുള്ള യാതൊരു മൃഗത്തിന്റേയും സാദൃശ്യമോ, ആകാശത്തു പറക്കുന്ന യാതൊരു പക്ഷിയുടേയും സാദൃശ്യമോ, ഭൂമിയിലുള്ള യാതൊരു ഇഴജാതിയുടേയും സാദൃശ്യമോ, ഭൂമിക്കു കീഴെ വെള്ളത്തിലുള്ള യാതൊരു മൽസ്യത്തിന്റേയും സാദൃശ്യമോ ഇങ്ങനെ യാതൊന്നിന്റേയും പ്രതിമയായ വിഗ്രഹം ഉണ്ടാക്കി വഷളത്വം ചെയ്യരുത് (ആവർത്തനപുസ്തകം 4:15-18).

ബിംബങ്ങളും, പ്രതിമകളും, മറിയയുടെ മനുഷ്യരൂപവും, യേശു മനുഷ്യശരീരത്തിലായിരുന്നപ്പോഴുള്ള രൂപങ്ങളെല്ലാം ആളുകളെ ഉത്തേജിപ്പിക്കുന്നതിനായി ഉണ്ടാക്കിയിരിക്കുന്നത് മുകളിൽ ഉപദേശിച്ചവയുടെ ലംഘനമാണ്. അത്തരം ബിംബങ്ങളുടേയും പ്രതിമകളുടേയും മുൻപിൽ വണങ്ങുന്നവർ മനുഷ്യരൂപത്തെയാണ് ആരാധിക്കുന്നത്. അത് കർശനമായി ദൈവം വിലക്കിയിരിക്കുകയാണ്. യേശു മടങ്ങി പോയത് തന്റെ ആത്മരൂപത്തിലാണ് (യോഹന്നാൻ 17:5; ഫിലിപ്പിയർ 3:21). അതുകൊണ്ട് അവൻ ഇനി മനുഷ്യശരീരത്തിലായിരിക്കുകയില്ല. നാം നമസ്ക്കരിക്കേണ്ടത് ആത്മികരൂപത്തിലുള്ള യേശുവിനെയാണ്, അല്ലാതെ മനുഷ്യാവതാരമെടുത്ത രൂപത്തിലുള്ള യേശുവിനെ അല്ല.

ന്യായപ്രമാണത്തിൻ കീഴിൽ ദൈവത്തെ മാത്രമെ നമസ്ക്കരിക്കാവു എന്നു കല്പിച്ചിരുന്നു (ആവർത്തനപുസ്തകം 6:14, 15). യിസ്രായേലിന് സ്വയം തിരഞ്ഞെടുക്കുവാൻ ഒന്നും വിട്ടുകൊടുക്കാതെ ആരാധനയുടെ ഓരോ

വശവും എങ്ങനെയായിരിക്കണം എന്ന് പ്രത്യേകമായ നിർദ്ദേശങ്ങൾ നൽകി. അവർ അവന്റെ ഇഷ്ടമനുസരിച്ച്, അവൻ നിശ്ചയിച്ച സ്ഥലത്ത് തന്നെ ആരാധിക്കണമായിരുന്നു.

> ആരാധനാ രീതിയിൽ ഉപയോഗിക്കേണ്ട പ്രത്യേകതരം മൃഗങ്ങളും, ധാന്യങ്ങളും, വഴിപാടുകളും, അതുപോലെ ഹോമയാഗങ്ങൾക്കും (ദഹനയാഗങ്ങൾക്കും, പാപപരിഹാരയാഗം, പ്രായശ്ചിത്തയാഗം എന്നിവയെ കുറിച്ചെല്ലാം ലേവ്യാപുസ്തകം 1-7-ൽ പറഞ്ഞിരിക്കുന്നു), ശുദ്ധീകരണ ചടങ്ങിനെ കുറിച്ചും (ആവ. 21:6), പ്രാർത്ഥനയെ കുറിച്ചും (പുറപ്പാട് 30:7-10), ദൈവവചനം ചൊല്ലേണ്ടതിനെ കുറിച്ചുമുള്ള നിർദ്ദേശവുമുണ്ട് (ലേവ്യാ. 10:11; ആവ. 6:4-9), യഹോവക്ക് പത്തിലൊന്നു നൽകേണ്ടതിനും നേർച്ചകൾ നേരുന്നതിനെ കുറിച്ചും നിർദ്ദേശിച്ചിരിക്കുന്നു (സംഖ്യ. 18:21-24). ലേവ്യാപൗരോഹിത്യവും എബ്രായരുടെ സമാഗമനകൂടാരത്തിലെ ആരാധനാ സ്ഥാപനങ്ങളും എപ്രകാരമായിരിക്കണമെന്ന് ദൈവം നിയമിച്ചിരുന്നു (പുറ. 29:1-9; 35:1-19).[2]

## ആരാധനാ സ്ഥലം

ന്യായപ്രമാണത്തിൻകീഴുള്ള ആരാധന സമാഗമനകൂടാരവും പിന്നീട് ദൈവാലയവുമായി ബന്ധപ്പെട്ടിരുന്നു, ദൈവാലയം സമാഗമനകൂടാരത്തിന്റെ ഇരട്ടി വലിപ്പമുണ്ടായിരുന്നു. അതിനെ രണ്ട് ഭാഗങ്ങളായി തിരിച്ചിരുന്നു. "വിശുദ്ധസ്ഥലത്ത്," കാഴ്ച്ചയപ്പവും,[3] ധൂപം അർപ്പിക്കുവാനുള്ള യാഗപീഠവും, പൊന്നുകൊണ്ടുള്ള നിലവിളക്കുകളുമുണ്ടായിരുന്നു. "അതിവിശുദ്ധസ്ഥലത്ത്" ആയിരുന്നു നിയമപെട്ടകം വെച്ചിരുന്നത്, അവിടെയായിരുന്നു ദൈവസാന്നിധ്യം കാണപ്പെട്ടത്. ഉടമ്പടി, പത്തുകൽപനകൾ എന്നിവ നിയമപെട്ടകത്തിലായിരുന്നു സൂക്ഷിച്ചിരുന്നത് (ആവർത്തനപുസ്തകം 10:4, 5; 1 രാജാക്കന്മാർ 8:9, 21).

സമാഗമനകൂടാരം ആദ്യമായി നിർമ്മിച്ചത് സിനായിയിലായിരുന്നു (പുറപ്പാട് 40:2, 17; സംഖ്യാപുസ്തകം 10:11, 12). മരുഭൂമിയിൽ കൂടെ യിസ്രായേൽ അലഞ്ഞു തിരിഞ്ഞപ്പോൾ അവർ എവിടെ പോയോ അവിടെയെല്ലാം അതു കൊണ്ടുപോയിരുന്നു. യിസ്രായേൽ പാളയമടിച്ച ഗിൽഗാലിലേക്ക് അതു കൊണ്ടുപോകുവാൻ യോശുവ ശ്രമിച്ചു (യോശുവ 4:19), പിന്നെ ഏബാൽ പർവ്വതത്തിനടുത്തേക്കും കൊണ്ടുപോയി (യോശുവ 8:30-35). ന്യായാധിപന്മാരുടെ കാലത്ത് അത്, എഫ്രയിമിലെ ശിലോവിലേക്ക് കൊണ്ടുപോയി, ശൗലിന്റെ വാഴ്ച്ച വരെ അത് അവിടെ സൂക്ഷിച്ചു. പുരോഹിതന്മാർ താമസിച്ചിരുന്നത് നോബിൽ ആയിരുന്നതുകൊണ്ട്. അത് അവിടേക്ക് കൊണ്ടുപോയി എന്ന് ചിലർ വിശ്വസിക്കുന്നു (1 ശമുവേൽ 22:11) പിന്നെ ഗിബെയോനിലേക്കും കൊണ്ടുപോയി എന്നാണ് അവർ കരുതുന്നത് (1 ദിനവൃത്താന്തം 16:39).

യിസ്രായേൽ ദൈവത്തെ ആരാധിക്കേണ്ട സ്ഥലം കൃത്യമായി ന്യായപ്രമാണത്തിൽ പറഞ്ഞിരുന്നില്ല, ദൈവം പിന്നീട് തിരഞ്ഞെടുക്കുന്ന സ്ഥലത്ത് ആളുകൾ ദൈവത്തെ അന്വേഷിക്കണം എന്നു മാത്രം പറഞ്ഞിരുന്നു. "നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിക്കേണ്ടതിന്ന് നിങ്ങളുടെ സകല ഗോത്രങ്ങളിലും വെച്ച് തിരഞ്ഞെടുക്കുന്ന സ്ഥലത്ത് നിങ്ങൾ തിരുനിവാസ സന്ദർശനത്തിനായി ചെല്ലേണം" (ആവർത്തനപുസ്തകം 12:5). ആളുകൾ താമസിച്ചിരുന്ന സ്ഥലത്തെ വിഗ്രഹാരാധികളുള്ള സ്ഥാനത്ത് അവർ

ആരാധിക്കാതിരിക്കേണ്ടതിനാണ് ദൈവം പ്രത്യേക സഥലം നിശ്ചയിച്ചത് (ആവർത്തനപുസ്തകം 12:2–4). അവൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തായിരിക്കണം അവരുടെ ആരാധന എന്ന് അസംഖ്യം പ്രാവശ്യം ആവർത്തിച്ചു പറഞ്ഞിരുന്നു (ആവർത്തനപുസ്തകം 12:11–26; 14:23–25; 15:20; 16:2–16; 23:16; 26:2).

നാൽപതു വർഷം മരുഭൂമിയിൽ അലഞ്ഞു നടന്നപ്പോഴും, നാനൂറു വർഷത്തെ ന്യായാധിപന്മാരുടെ കാലത്തും യിസ്രായേൽ വിവിധ സ്ഥലങ്ങളിൽ ആരാധിച്ചിരുന്നു (പ്രവൃത്തികൾ 13:20). അവസാനം, ദാവീദിന്റെ വാഴ്ച്ചക്കാലത്ത് നിയമപെട്ടകം സ്ഥിരമായി യെരുശലേമിൽ വെച്ചു (2 ശമുവേൽ 6:16, 17), യിസ്രായേൽ ആരാധിക്കേണ്ട സ്ഥലം യെരുശലേമുമായി. ശലോമോൻ ആലയം പണി പൂർത്തിയാക്കിയപ്പോൾ, നിയമപെട്ടകം ആലയത്തിൽ വെച്ചു ദൈവത്തിന്റെ നാമം ഉള്ളത് യെരുശലേമിലാണെന്ന് ശലോമോൻ പറഞ്ഞു (1 രാജാക്കന്മാർ 8:29, 44, 48), യിസ്രായേൽമക്കൾ പ്രാർത്ഥിക്കയും യാചിക്കയും ചെയ്യേണ്ടത് യെരുശലേമിലായിരുന്നു (1 രാജാക്കന്മാർ 8:33). യെരുശലേമിൽ നിന്നു വളരെ അകലെ താമസിച്ചിരുന്നവർ യെരുശലേമിനെ നോക്കി പ്രാർത്ഥിക്കണമായിരുന്നു (1 രാജാക്കന്മാർ 8:38, 42, 44, 48).

ദൈവാലയത്തിനുശേഷം, യിസ്രായേലിന്റെ ആരാധനാ സ്ഥലങ്ങളായി യെഹൂദ പള്ളികൾ വന്നു, യിസ്രായേലിന്റെ ആരാധനാ സഥലം ബി. സി. 586–ൽ നശിപ്പിക്കപ്പെട്ടു. ജനങ്ങൾ പോയ സ്ഥലങ്ങളിലെല്ലാം പള്ളികൾ സ്ഥാപിക്കുകയും, അവിടെ ആളുകൾ കൂടിവന്ന് തിരുവെഴുത്തുകൾ വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തുവന്നു. താഴെ കാണുന്ന കാര്യങ്ങൾക്കു വേണ്ടിയായിരുന്നു സാധാരണ പള്ളികളിൽ അവർ കൂടി വന്നിരുന്നത്:

> (1) തിരുവെഴുത്തുകൾ വായിക്കുകയും അവ വ്യാഖ്യാനിക്കുകയും ചെയ്യുക. (2) യെഹൂദ വിശ്വാസപ്രമാണമായ ഷാമാ ചൊല്ലൽ; (ആവർത്തനപുസ്തകം 6:4); (3) സങ്കീർത്തനങ്ങൾ, പത്തുകൽപനകൾ, ആശിർവാദം, ആമേൻ പറയൽ; (4) പ്രാർത്ഥനകൾ; (5) യെഹൂദ കേദുശാ അല്ലെങ്കിൽ ശുദ്ധീകരണപ്രാർത്ഥന, അത്, മൂന്നു പ്രാവശ്യം പറയൽ ക്രിസ്തീയ പാരമ്പര്യത്തിലേക്ക് വന്നു ("പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ").[4]

### സംക്ഷിപ്തം

ന്യായപ്രമാണത്തിലെ ആരാധന ദൈവം വെളിപ്പെടുത്തിയിരിക്കുന്നത്, അഹരോന്റെ സന്തതികളായ പുരോഹിതന്മാർ ചെയ്തിരുന്ന യാഗങ്ങളും വഴിപാടുകളുമായിരുന്നു മുഖ്യമായി. സമാഗമനകൂടാരം കൈകാര്യം ചെയ്തിരുന്നത് ലേവ്യരായിരുന്നു. ആദ്യം സമാഗമനകൂടാരത്തിലും, പിന്നെ യെരുശലേം ദൈവാലയത്തിലും കേന്ദ്രീകരിച്ചായിരുന്നു യിസ്രായേലിന്റെ ആരാധനക്കുള്ള കൂടിവരവ്.

---

കുറിപ്പുകൾ

[1]ഫ്രാങ്ക്ലിൻ എം. സെഗ്ലർ, *അണ്ടർസ്റ്റാൻഡിങ്ങ്, പ്രിപ്പെയറിങ് ഫോർ, ആന്റ് പ്രാക്ടിസിങ് ക്രിസ്ത്യൻ വർഷിപ്,* 2 ൻഡ് എഡി., റെവ. റാന്റൽ ബ്രാഡലേ (നാഷ്വിലേ: ബ്രോഡ്മാൻ ആന്റ് ഹോൾമാൻ, 1996), 23. [2]ആൻഡ്രൂ ഈ. ഹിൽ, *എന്റർ ഹിസ് കോർട്സ് വിത്ത് പ്രെയിസ്*! (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്,

1993), 37. [3]പുറപ്പാട് 25:30-ൽ എൻഏഎസ്ബി യിൽ "ബ്രെഡ് ഓഫ് ദ പ്രസെന്റ്സ് ഓൺ ദ ടേബിൾ" ഇൻസ്ടെഡ് ഓഫ് "ടേബിൾ ഓഫ് ഷോ ബ്രെഡ്." [4]ഡബ്ലിയു. ഓ. ഈ. ഓസ്റ്റർലേ, "പ്രീ-ക്രിസ്റ്റ്യൻ എലിമെൻസ്," *ദ ജൂവിഷ് ബാഗ്രൗണ്ട് ഓഫ് ദ ക്രിസ്റ്റ്യൻ ലിറ്റർജി* (ഓക്സ്ഫോർഡ്: ക്ലാരെൻഡൻ പ്രസ്, 1925), 36-82, സൈറ്റഡ് ഇൻ സെഗ്ലർ, 23.